# മദീനാ മസ്ജിദും ജമാഅത്തെ ഇസ്‌ലാമിയും

**എറണാകുളം** മദീനാ മസ്ജിദുമായി ബന്ധപ്പെടുത്തി ജമാഅത്തെ ഇസ്‌ലാമിക്കെതിരെ വ്യാപകമായ ദുഷ്പ്രചാരണങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഏതാനും മുസ്‌ലിം ദിനപത്രങ്ങളും വാരികകളും തെറ്റായ വാർത്തകളും വിലയിരുത്തലുകളും പ്രചരിപ്പിച്ച് ജമാഅത്തെ ഇസ്‌ലാമിയെ പൊതുസമൂഹത്തിൽ തെറ്റിദ്ധരിപ്പിക്കാനാണ് ശ്രമിക്കുന്നത്. വ്യാജ വാർത്തകൾ വായിച്ചവരിൽ നിഷ്പക്ഷരും സത്യാന്വേഷികളുമായ ചിലർ സംഭവത്തിന്റെ സത്യാവസ്ഥ ആരാഞ്ഞുകൊണ്ടിരിക്കുന്നതിനാലാണ് ഈ കുറിപ്പെഴുതുന്നത്.

അല്ലാഹുവിന്റെ ഭവനങ്ങളെ സങ്കുചിത സംഘടനാ താൽപര്യത്തിന് ഉപയോഗിക്കരുതെന്ന് അതിയായി ആഗ്രഹിക്കുന്ന പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. പള്ളി മുഴുവൻ വിശ്വാസികളുടേതുമാണെന്ന് ജമാഅത്ത് കരുതുന്നു. മദീനാ മസ്ജിദുമായി ബന്ധപ്പെട്ട നിർഭാഗ്യകരമായ സംഭവങ്ങളുടെ യാഥാർഥ്യവും പ്രചാരണങ്ങളുടെ അവാസ്തവികതയും കൃത്യമായി മനസ്സിലാകണമെങ്കിൽ പള്ളി നിർമാണ സാഹചര്യവും നാളിതുവരെയുള്ള അതിന്റെ പ്രവർത്തന ചരിത്രവും പരിശോധിക്കപ്പെടണം.

1983-ൽ സ്ഥാപിച്ച കൊച്ചിൻ ഇസ്‌ലാമിക് വെൽഫെയർ ട്രസ്റ്റാണ് മദീനാ മസ്ജിദ് സ്ഥാപിച്ചതും നാളിതുവരെ പരിപാലിച്ചുവരുന്നതും. ഈ ട്രസ്റ്റ് ജമാഅത്ത് നേതാക്കളും പ്രവർത്തകരും അനുഭാവികളുമുൾക്കൊള്ളുന്നതാണ്. ട്രസ്റ്റിന്റെ പതിനൊന്ന് സ്ഥാപക അംഗങ്ങളെ പരിശോധിച്ചാൽ ജമാഅത്തെ ഇസ്‌ലാമിയും ഈ ട്രസ്റ്റും തമ്മിലുള്ള ബന്ധം എല്ലാവർക്കും ബോധ്യമാകും. 11 അംഗ ട്രസ്റ്റിൽ 6 പേർ പ്രസ്ഥാനത്തിന്റെ ഉത്തരവാദപ്പെട്ട നേതാക്കളും പ്രവർത്തകരുമായിരുന്നു:

1. കെ.സി അബ്ദുല്ല മൗലവി (കേരള ഹൽഖാ അമീർ)
2. പി.കെ ഹാശിം ഹാജി (ട്രസ്റ്റ് ചെയർമാൻ, ജമാഅത്തെ ഇസ്‌ലാമി ജില്ലാ സമിതിയംഗം)
3. കെ. അബ്ദുസ്സലാം മൗലവി (ജമാഅത്തെ ഇസ്‌ലാമി ശൂറാംഗം)
4. പി.പി ഹുസൈൻ (ജമാഅത്തെ ഇസ്‌ലാമി അംഗം)
5. പള്ളുരുത്തി ഹാജി എന്നറിയപ്പെടുന്ന ജ. കെ. ഇ അഹ്മദ്കുട്ടി ഹാജി (ജമാഅത്തെ ഇസ്‌ലാമി കൊച്ചി പ്രാദേശിക അമീർ)
6. വി.എം അലി (ട്രസ്റ്റ് സെക്രട്ടറി, അറിയപ്പെടുന്ന ജമാഅത്ത് പ്രവർത്തകൻ)

കൂടാതെ, എം.ഇ.എസ്സിന്റെ സജീവ പ്രവർത്തകനും ജമാഅത്തെ ഇസ്‌ലാമിയുടെ ഗുണകാംക്ഷിയുമായ ജ. ഇ.കെ അബ്ദുൽ ഖാദിർ സാഹിബടക്കമുള്ള 5 പേരും ചേർന്നതായിരുന്നു ട്രസ്റ്റിന്റെ സ്ഥാപക അംഗങ്ങൾ. ട്രസ്റ്റ് അംഗങ്ങളിൽ ചിലർ മരണപ്പെട്ട ഒഴിവിൽ അന്നത്തെ ഹൽഖാ അമീർ കെ.എ സിദ്ദീഖ് ഹസൻ സാഹിബ്, ജമാഅത്ത് അംഗം കെ.യു ഹംസ സാഹിബ് അടക്കം പള്ളിയോട് ഗുണകാംക്ഷികളായ മറ്റു വ്യക്തികളെയും ട്രസ്റ്റ് അംഗങ്ങളാക്കി.


പ്രസ്തുത ട്രസ്റ്റാണ് മദീനാ മസ്ജിദ് നിർമിച്ചതും അതിന്റെ പരിപാലനം നിർവഹിക്കുന്നതും. ഈ പള്ളിയുടെ നിർമാണത്തിന് ഒരു സെന്റ് ഭൂമി പോലും സ്വന്തമായി ട്രസ്റ്റിലെ ആരും വഖ്ഫ് ചെയ്യുകയോ സ്വന്തം പണം മുടക്കി നിർമിക്കുകയോ ചെയ്തതല്ല. മറിച്ച് ജമാഅത്തെ ഇസ്‌ലാമി കേരള അമീറിന്റെ പിന്തുണയോടെ ചെയർമാനും ജമാഅത്ത് പ്രവർത്തകനുമായ ഹാശിം ഹാജിയുടെ നേതൃത്വത്തിൽ നാട്ടിലും മറുനാട്ടിലുമുള്ള പ്രസ്ഥാനനേതാക്കളും പ്രവർത്തകരും ഉൾപ്പെടെ ഉദാരമതികളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ച് നിർമിച്ചതാണ് മദീനാ മസ്ജിദ് എന്ന കാര്യം ജമാഅത്ത് പ്രതിയോഗികൾക്ക് പോലും സംശയമില്ലാത്ത കാര്യമാണ്. ട്രസ്റ്റ് ചെയർമാൻ ജ. ഹാശിം ഹാജി ഇതിന്റെ മുന്നണിയിൽ നിന്നുകൊണ്ട് ധാരാളം അധ്വാനപരിശ്രമങ്ങൾ ചെയ്തത് ജമാഅത്ത് ഒരിക്കലും വിസ്മരിക്കുകയില്ല. അതോടൊപ്പം, പള്ളിയുടെ തുടക്കം മുതൽ ഇതുവരെ അവിടെ ആരാധനകൾക്ക് നേതൃത്വം നൽകുന്നതും ദീനീവിജ്ഞാന പ്രവർത്തനങ്ങൾ നടത്തുന്നതും ജമാഅത്തെ ഇസ്‌ലാമി പണ്ഡിതരും നേതാക്കളുമാണെന്ന് പള്ളിയിൽ വരുന്ന വിശ്വാസികൾ ഒന്നടങ്കം സമ്മതിക്കുന്ന വസ്തുതയാണ്. ഈ വസ്തുത മറച്ചുവെച്ചുകൊണ്ടാണ് ചിലർ ജമാഅത്തെ ഇസ്‌ലാമിക്ക് ഈ ട്രസ്റ്റുമായി എന്തു ബന്ധമാണെന്ന് ചോദിക്കുന്നത്. ഇപ്പോൾ പുകമറ സൃഷ്ടിക്കുന്നവരുടെ ഉദ്ദേശ്യശുദ്ധി എന്താണെന്ന് അവരുടെ മുൻകാലചെയ്തികളിലൂടെ വെളിപ്പെട്ടതാണ്. അതിവിടെ പറയാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

പ്രസ്ഥാനത്തിന് തീർത്തും അവകാശപ്പെട്ടതും, ട്രസ്റ്റ് ചെയർമാനടക്കമുള്ള പ്രസ്ഥാന പ്രവർത്തകരുടെ അധ്വാനപരിശ്രമത്തിലൂടെ ഉണ്ടായതുമായ പള്ളി ഗുണ്ടാസംഘത്തെ ഉപയോഗപ്പെടുത്തി ജമാഅത്ത് എന്തിന് അധീനപ്പെടുത്താൻ ശ്രമിക്കണം? ഈ ആരോപണത്തിന്റെ മർമം അറിയണമെങ്കിൽ പിന്നീട് നടന്ന ചില സംഭവങ്ങൾ ഇതിനോട് ചേർത്തുവായിക്കണം.

അടുത്ത കാലത്ത് ആശയതലത്തിൽ ജമാഅത്തെ ഇസ്‌ലാമിയോട് ചില അഭിപ്രായവ്യത്യാസങ്ങൾ ട്രസ്റ്റ് ചെയർമാനുണ്ടായി. തുടർന്ന് പള്ളിയുടെ ആരംഭകാലം മുതൽ ദീനീപ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്ന ജമാഅത്തിനെ അതിൽനിന്ന് ഒഴിവാക്കാനുള്ള നിഗൂഢശ്രമങ്ങൾ തുടങ്ങി. ചെയർമാൻ പ്രസ്ഥാന താൽപര്യത്തിനു വിരുദ്ധമായ നിലപാട് സ്വീകരിച്ച ഈ സാഹചര്യത്തിലും മുൻകാലപ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് വിശാല മനസ്സോടെ അദ്ദേഹത്തെ ഉൾക്കൊള്ളാനാണ് ജമാഅത്ത് നേതൃത്വം താൽപര്യം കാണിച്ചത്. ഇസ്‌ലാമിക പ്രസ്ഥാനത്തിന് ദീർഘകാലം സേവനം ചെയ്ത ട്രസ്റ്റ് ചെയർമാൻ പ്രസ്ഥാന പ്രവർത്തകരെ പ്രകോപിപ്പിക്കുന്ന സമീപനങ്ങൾ പള്ളിയിൽ നടത്തിയിട്ടും പ്രവർത്തകരെ അടക്കിനിർത്താനും ട്രസ്റ്റ് ചെയർമാനുമായി സ്നേഹപൂർവം മുന്നോട്ടുപോകാനും ജമാഅത്ത് നേതൃത്വം നടത്തിയ ശ്രമങ്ങളെ ചെയർമാനടക്കമുള്ള ആർക്കും നിഷേധിക്കുക സാധ്യമല്ല. ഇപ്പോഴും ഹാശിം ഹാജിയെ ജമാഅത്തെ ഇസ്‌ലാമി ശത്രുവായിട്ടല്ല; അടുത്ത മിത്രമായി കാണാനാണ് ആഗ്രഹിക്കുന്നത്.

എന്നിട്ടും അദ്ദേഹം 2006 ജൂലൈ 21-ന് ട്രസ്റ്റ് തീരുമാനമില്ലാതെ ജമാഅത്തിനെ രൂക്ഷമായി എതിർക്കുന്ന വിഭാഗത്തിൽനിന്ന് ഒരു മൗലവിയെ ഖുത്ബക്ക് കൊണ്ടുവന്നു. രണ്ട് പതിറ്റാണ്ടിലധികം ജമാഅത്തെ ഇസ്‌ലാമി പണ്ഡിതന്മാർ മാത്രം ഖുത്ബ നടത്തിയ മിമ്പർ ഏകപക്ഷീയമായി അതിന്റെ എതിർ വിഭാഗത്തിന് കൈമാറ്റം ചെയ്യുന്നതിനെ ചിലർ തടഞ്ഞു. പള്ളിയിൽ വരുന്ന വിശ്വാസികളുടെ ഈ പ്രതികരണത്തിൽ ചില ജമാഅത്ത് പ്രവർത്തകരും പങ്കുചേർന്നിരുന്നു. എന്നാൽ ഈ പ്രതികരണരീതിയെ ജമാഅത്ത് അംഗീകരിച്ചില്ലെന്നു മാത്രമല്ല അതിൽ പങ്കാളികളായ പ്രസ്ഥാനപ്രവർത്തകർക്ക് കർശനമായി താക്കീത് നൽകുകയും ചെയ്തു. ഈ വിഷയത്തിൽ ജമാഅത്ത് കാണിച്ച സമീപനം എന്താണെന്ന് ചെയർമാനടക്കമുള്ള എല്ലാവരും അംഗീകരിച്ചതാണ്. ഈ സംഭവത്തിനു ശേഷം ചില ട്രസ്റ്റ് അംഗങ്ങളുടെയും ഗുണകാംക്ഷികളുടെയും ശ്രമഫലമായി കോഴിക്കോട്ട് ഹാശിം ഹാജിയും ജമാഅത്ത് നേതൃത്വവും ഒന്നിച്ചിരിക്കുകയും യോജിച്ചു പോകാനുള്ള വഴികൾ

## കത്തുകൾ



കണ്ടെത്തുകയും ചെയ്തു. 26-7-2006-ന് നടന്ന പ്രസ്തുത ചർച്ചയിൽ താഴെ പറയുന്ന രണ്ടു തീരുമാനങ്ങൾ ഇരു കക്ഷികളും അംഗീകരിച്ചു:

1. മദീനാ മസ്ജിദിന്റെ പരിപാലനത്തിന്റെ ചുമതല പൂർണമായും ട്രസ്റ്റിനായിരിക്കും.

2. ഇസ്‌ലാമിനെ സമഗ്രമായി പ്രബോധനം ചെയ്യുന്നതിനും സംസ്കരണ പ്രബോധന പ്രവർത്തനങ്ങൾക്കും ഉതകുന്ന ഖുത്ബകളും ക്ലാസ്സുകളും മറ്റു പരിപാടികളും നടത്തുന്നത് ട്രസ്റ്റിന്റെ തുടക്കം മുതലുള്ളതുപോലെ ജമാഅത്തെ ഇസ്‌ലാമി തന്നെയായിരിക്കും.

4-9-2006-ന് ജ. ഇ.കെ ഇസ്മാഈലിന്റെ വസതിയിൽ കൂടിയ ട്രസ്റ്റ് യോഗത്തിൽ 11 അംഗങ്ങളിൽ 10 പേർ പങ്കെടുത്തു. ട്രസ്റ്റ് അംഗമായ കെ.എ സിദ്ദീഖ് ഹസൻ സാഹിബ് ദൽഹിയിലായതിനാൽ പങ്കെടുത്തില്ല. ഈ യോഗത്തിൽ മേൽപറഞ്ഞ രണ്ട് കാര്യങ്ങളും ചെയർമാനടക്കം 10 അംഗങ്ങളും അംഗീകരിക്കുകയും ഒപ്പിടുകയും ചെയ്തു.

ഈ തീരുമാനങ്ങൾക്കു ശേഷം കാര്യങ്ങൾ സമാധാനപൂർണമായ അവസ്ഥയിലേക്ക് തിരിച്ചുവരുന്ന സമയത്താണ് ട്രസ്റ്റ് ചെയർമാൻ ട്രസ്റ്റിലേക്ക് 5 പേരെ പുതുതായി എടുക്കാനുള്ള ശ്രമവുമായി മുന്നോട്ടു വന്നത്. എറണാകുളം കലക്ടറുടെ ചേംബറിൽ വെച്ചുണ്ടായ, ഭരണഘടനാവിരുദ്ധമായതിനാൽ ഭരണഘടന ഭേദഗതി ചെയ്യാതെ പുതിയ അംഗങ്ങളെ ട്രസ്റ്റിലെടുക്കാൻ സാധ്യമല്ലെന്ന പൊതു നിർദേശത്തെ തള്ളിക്കൊണ്ടാണ് ചെയർമാൻ ഇത് ചെയ്തത്. പള്ളിയുമായി പൂർവകാല ബന്ധമില്ലാത്തവരെയും ട്രസ്റ്റിന്റെ പൊതു ആദർശത്തോട് യോജിപ്പില്ലാത്തവരെയും ട്രസ്റ്റിലുൾപ്പെടുത്താനുള്ള ശ്രമങ്ങൾ അംഗീകരിക്കാൻ സാധ്യമല്ലെന്ന ശക്തമായ അഭിപ്രായം ട്രസ്റ്റിനകത്ത് ഇപ്പോഴും നിലനിൽക്കുന്നു. ഇത്തരം പുതിയ സാഹചര്യങ്ങളാണ് മദീനാ മസ്ജിദുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉള്ളത്. ജമാഅത്തെ ഇസ്‌ലാമി അനാവശ്യമായ തർക്കത്തിനും പ്രശ്നങ്ങൾക്കും മുന്നോട്ടുവരാൻ ആഗ്രഹിക്കുന്നില്ല. ട്രസ്റ്റ്ചെയർമാനുമായി എപ്പോഴും ചർച്ച ചെയ്യാനും ഈ പ്രശ്നത്തിന് മനുഷ്യ സാധ്യമായ എല്ലാ വിട്ടുവീഴ്ചകളും ചെയ്യാനും പ്രസ്ഥാനം സന്നദ്ധമാണ്. ഏതു സമയത്ത് ആരുമായും ഈ വിഷയത്തിൽ ചർച്ചക്കും സമവായത്തിനും പ്രസ്ഥാനം ഒരുക്കമാണെന്ന് ജമാഅത്ത് നേതൃത്വം എല്ലാവരെയും അറിയിക്കുകയും ചെയ്തിട്ടുണ്ട്. യാതൊരു ചർച്ചയുമില്ലാതെ, ഒരു വ്യക്തിയുടെ അഭിപ്രായം മാറി എന്ന ഏക കാരണത്താൽ രണ്ടുപതിറ്റാണ്ടിലേറെ ജമാഅത്തെ ഇസ്‌ലാമി ദീനീപ്രവർത്തന കേന്ദ്രമായി ഉപയോഗിച്ചുവരുന്നതും പ്രസ്ഥാനത്തിന് അവകാശപ്പെട്ടതുമായ പള്ളിയുടെ വിഷയത്തിൽ ജമാഅത്തെ ഇസ്‌ലാമി ഇതല്ലാതെ എന്തു സമീപനമാണ് സ്വീകരിക്കേണ്ടത് എന്ന വലിയ ചോദ്യത്തിന് ഉത്തരം നൽകാൻ, ഈ വിഷയത്തിൽ ജമാഅത്തെ ഇസ്‌ലാമിയെ പ്രതിക്കൂട്ടിൽ നിർത്തി കല്ലെറിയുന്നവർക്ക് ബാധ്യതയുണ്ട്. പള്ളിത്തർക്കങ്ങളിൽ വിമർശകർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന മാർഗങ്ങൾ എന്താണെന്ന് എല്ലാവർക്കും അറിയാം. അത്തരം വിമർശകരോട് സഹതപിക്കാനേ ജമാഅത്തിന് കഴിയൂ. ഈ വിഷയത്തിൽ നീതിപൂർവകമായ സമവായമുണ്ടാക്കാൻ ബന്ധപ്പെട്ട എല്ലാവരും സന്നദ്ധമായാൽ സന്തോഷകരമായ അന്തരീക്ഷം വളരെ പെട്ടെന്ന് രൂപപ്പെടും. അതിന് അല്ലാഹു അനുഗ്രഹിക്കട്ടെ.

**ഹമീദ് വാണിമേൽ**

# സോളിഡാരിറ്റി ഇടപെടേണ്ട പ്രശ്നം

**മതേതര** മാധ്യമങ്ങളിലും മത പ്രസിദ്ധീകരണങ്ങളിലും രാഷ്ട്രീയ വേദികളിലുമെല്ലാം ചർച്ചാവിഷയമാണ് സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ്. മുസ്‌ലിം യുവാക്കൾ മതത്തിന്റെയും ആത്മീയതയുടെയും പുറംതോട് പൊട്ടിച്ചെറിഞ്ഞ് പുരോഗമന പ്രസ്ഥാനങ്ങളിലേക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണെന്നും ഈ ഒഴുക്ക് തടയാൻ ജമാഅത്തെ ഇസ്‌ലാമിയിലെ പെരുന്തച്ചന്മാർ കണ്ടെത്തിയ കപട തന്ത്രമാണ് സോളിഡാരിറ്റി എന്നുമാണ് *മാതൃഭൂമി* ആഴ്ചപ്പതിപ്പിലെ പ്രതികരണ കോളത്തിൽ ഒരു യുക്തിവാദി എഴുതിയത്. അധിനിവേശം, സാമ്രാജ്യത്വം, പരിസ്ഥിതി തുടങ്ങിയ ഭൗതിക വിഷയങ്ങൾ സംസാരിക്കുന്നത് ഒരു അടവ് മാത്രമാണെന്നും സോളിഡാരിറ്റിയുടെ യഥാർഥ ലക്ഷ്യം മതപ്രചാരണമാണെന്നുമാണ് ഇക്കൂട്ടർ പറയുന്നത്. രാഷ്ട്രീയ-സാമ്പത്തിക മേഖലകളിലെ അധിനിവേശത്തേക്കാൾ സോളിഡാരിറ്റി വാചാലരാവുന്നത് സാംസ്കാരിക അധിനിവേശത്തെക്കുറിച്ചാണത്രെ. ശുദ്ധ ഇസ്‌ലാമിക സംസ്കാരത്തിൽ കലർപ്പ് വരാൻ സമ്മതിക്കാതിരിക്കുക, യാഥാസ്ഥിതിക മതപാരമ്പര്യങ്ങളിലേക്ക് തിരിച്ചുകൊണ്ടുപോവുക എന്നിവയാണ് സോളിഡാരിറ്റിയുടെ യഥാർഥ ലക്ഷ്യമെന്നാണ് സാംസ്കാരിക അധിനിവേശത്തെക്കുറിച്ചുള്ള ഈ ആശങ്ക സൂചിപ്പിക്കുന്നതത്രെ.

ചില മുസ്‌ലിം മത പ്രസിദ്ധീകരണങ്ങൾ പറയുന്നത്, ഇസ്‌ലാമിക സംസ്കാരത്തെയും ചിഹ്നങ്ങളെയുമൊന്നും സോളിഡാരിറ്റി വിലമതിക്കുന്നില്ലെന്നും ഇസ്‌ലാമിക സംസ്കാരത്തിൽനിന്ന് യുവാക്കളെ അകറ്റുകയാണ് സോളിഡാരിറ്റി ചെയ്യുന്നതെന്നുമാണ്. മുസ്‌ലിം സമുദായത്തിനകത്തും പുറത്തുമെല്ലാം തൗഹീദ് പ്രചരിപ്പിച്ചുകഴിഞ്ഞ ശേഷം മാത്രമാണ് അധിനിവേശം, രാഷ്ട്രീയം തുടങ്ങിയ വിഷയങ്ങൾ പറയേണ്ടതെന്നും സോളിഡാരിറ്റി ഈ മുൻഗണനാക്രമം തെറ്റിക്കുകയാണെന്നുമാണ് ഒരു വിഭാഗത്തിന്റെ ആരോപണം. ഇടതുപക്ഷത്തേക്ക് ആളെ കൂട്ടുകയാണ് സോളിഡാരിറ്റി ചെയ്യുന്നതെന്ന് ഒരു കൂട്ടർ ആരോപിക്കുമ്പോൾ, ഇടതുപക്ഷത്തേക്ക് ആകൃഷ്ടരാവുന്ന മുസ്‌ലിം യുവാക്കളെ തടയുകയാണ് സോളിഡാരിറ്റിയുടെ ലക്ഷ്യമെന്ന് മറ്റൊരു കൂട്ടർ ആരോപിക്കുന്നു. നരേന്ദ്രൻ കമീഷൻ, സച്ചാർ കമ്മിറ്റി റിപ്പോർട്ട്, അഫ്സൽ ഗുരു തുടങ്ങിയ മുസ്‌ലിം വിഷയങ്ങളിൽ മാത്രം താൽപര്യമുള്ള വർഗീയ സംഘടനയാണ് സോളിഡാരിറ്റിയെന്ന് ചിലർ പറയുമ്പോൾ, മുസ്‌ലിംകൾക്ക് വേണ്ടി ഒന്നും ചെയ്യാതെ, വീടുണ്ടാക്കിക്കൊടുത്തും ദുരിതാശ്വാസ പ്രവർത്തനം നടത്തിയും അന്യസമുദായക്കാരെ പ്രീണിപ്പിക്കുകയാണ് സോളിഡാരിറ്റിയെന്നാണ് സമുദായത്തിൽപെട്ട ചിലരുടെ ആരോപണം.

ആരോപണങ്ങൾ എത്രമാത്രം ബാലിശമാണെന്ന് സോളിഡാരിറ്റിയെ നിരീക്ഷിക്കുന്നവർക്കറിയാം. സഹിഷ്ണുത, പ്രതിപക്ഷ ബഹുമാനം, തെറ്റുകൾ പറ്റിയാൽ സമ്മതിക്കാനും തിരുത്താനുമുള്ള സന്നദ്ധത, ക്രിയാത്മക പ്രവർത്തനങ്ങൾ എന്നിവയിലൂടെയാണ് ഈ ആരോപണങ്ങൾക്ക് മറുപടി കൊടുക്കേണ്ടത്. സോളിഡാരിറ്റിയുടെ ഓരോ ചുവടിന്റെ ലക്ഷ്യവും ദൈവപ്രീതിയും സമൂഹനന്മയുമായിരിക്കണം. അങ്ങനെ കേരളത്തെ നന്മയുടെ ഒരു പുതുയുഗത്തിലേക്ക് കൈപിടിച്ച് നടത്താൻ സോളിഡാരിറ്റിക്ക് കഴിയട്ടേയെന്ന് പ്രാർഥിക്കുന്നു. ഒപ്പം ഒരു പ്രധാന പ്രശ്നം ശ്രദ്ധയിൽ പെടുത്തുകയും ചെയ്യുന്നു: മുസ്‌ലിം സമൂഹത്തിലടക്കം യുവാക്കളിൽ മദ്യപാനാസക്തി അതിവേഗം പടരുകയാണ്. സർക്കാറിന്റെ വികലമായ മദ്യനയത്തിനെതിരെ പ്രകടനാത്മകമായ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കുന്നതോടൊപ്പം, യുവാക്കളെ അപകടകരമായ ഈ ശീലത്തിൽനിന്ന് പിന്തിരിപ്പിക്കാനും ജനങ്ങളിൽ ബോധവത്കരണം നടത്താനും മറ്റു മത-സാംസ്കാരിക സംഘടനകളുടെ സഹായത്തോടെ ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

**ഹനീഫ് വളാഞ്ചേരി**

# വിജ്ഞാനത്തിന്റെ വിഭജനം ഇപ്പോഴും നിലനിൽക്കുന്നു

**എൻ.കെ.എം** ശുകൂർ എഴുതിയ 'ഇസ്ലാമിക ചിന്ത: പുനരാലോചനയുടെ പ്രസക്തി' (ലക്കം 35), *പ്രബോധനം* ഹദീസ് പതിപ്പിൽ ജമാൽ മലപ്പുറം എഴുതിയ 'നയംമാറ്റത്തിന്റെ നിദാനങ്ങൾ' എന്ന ലേഖനത്തോട് ചേർത്തുവായിച്ചാൽ കുറേക്കൂടി ഉൾക്കാഴ്ച ലഭിക്കും.

ഇസ്ലാം ഉയർത്തിപ്പിടിക്കുന്ന ജീവിത ശൈലിയിൽനിന്ന് മുസ്ലിം സമൂഹം മാറി നീങ്ങുന്നത് ഇന്നത്തെ മതവിദ്യാഭ്യാസ രീതി കേവല കർമശാസ്ത്രത്തിന്റെ ചട്ടക്കൂട്ടിനുള്ളിലായതിനാലാണ്. ചില ആരാധനാ കർമങ്ങൾ നിർവഹിക്കാനും പ്രത്യേക മത ചിഹ്നമെന്ന നിലയിൽ വേഷഭൂഷാദികൾ സ്വീകരിക്കാനും മാത്രമാണ് ഖുർആനും മറ്റും പഠിപ്പിക്കുന്നതെന്നും, മറ്റു ജീവിതവ്യവഹാരങ്ങൾ തങ്ങൾക്കിഷ്ടമുള്ളതുപോലെയാകാമെന്നും പ്രാഥമിക 'മത വിദ്യാഭ്യാസം' ലഭിച്ച ബഹുഭൂരിപക്ഷവും ധരിച്ചുവെച്ചിരിക്കുന്നു.

ഇന്ത്യയെ പോലുള്ള ബഹുസ്വര സമൂഹത്തിൽ ജീവിക്കുന്ന മുസ്ലിംകൾ അന്ധവിശ്വാസങ്ങളിലേക്കും ഭൗതികപ്രമത്തതയിലേക്കും വഴുതിവീഴുന്നതിന്റെ പ്രഥമ കാരണം ഖുർആനിനെയും സുന്നത്തിനെയും ഉൾക്കൊള്ളാത്തതാണ്. ഇന്നത്തെ മതവിദ്യാഭ്യാസം അറബി ഭാഷാപഠനം, ഖുർആൻ-ഹദീസ് ഭാഗങ്ങൾ മനഃപാഠമാക്കൽ; മസ്അലകൾ, പൗരാണിക ചരിത്രം, ഫിഖ്ഹ്, ഇജ്മാഅ്, ഖിയാസ് തുടങ്ങിയ നിയമനിർധാരണസ്രോതസ്സുകളെക്കുറിച്ച പഠനങ്ങൾ എന്നിവയിൽ ഒതുങ്ങുകയാണ്. ഒരു ഡോക്ടറെയോ എഞ്ചിനീയറെയോ ശാസ്ത്രജ്ഞനെയോ ഐ.ടി വിദഗ്ധനെയോ സൃഷ്ടിക്കാൻ ഇന്നത്തെ മത വിദ്യാഭ്യാസ രീതികൊണ്ടാവുന്നില്ല. ഇസ്ലാമിക വിദ്യാഭ്യാസം കേവല മതപഠനമാണെന്നും, ഭൗതിക വിജ്ഞാനം മതേതരമാണെന്നുമൊക്കെയുള്ള ധാരണയാണ് മുസ്ലിം ഉൽപതിഷ്ണു വിഭാഗങ്ങൾവരെ വെച്ചുപുലർത്തുന്നത്. വിശുദ്ധ ഖുർആന്റെ സാങ്കേതികഭാഷയിൽ ഇൽമ് (വിജ്ഞാനം), കേവല മതവിജ്ഞാനമല്ലെന്ന് മനസ്സിലാക്കുന്നവർ തന്നെ മതവിദ്യാഭ്യാസം, ഭൗതികവിദ്യാഭ്യാസം എന്ന വേർതിരിവോടെ വിജ്ഞാനരംഗത്തെ നിർവചിക്കാനാണ് ഇഷ്ടപ്പെടുന്നത്.

ഇസ്ലാമിക വിദ്യാഭ്യാസം ഭൗതികപ്രപഞ്ചത്തെയും അതിലടങ്ങുന്ന സർവ ചരാചരങ്ങളെയും പറ്റിയുള്ള വസ്തുനിഷ്ഠമായ പഠനവും അതിൽനിന്ന് രൂപംകൊള്ളുന്ന ആശയങ്ങൾ ഉപയോഗപ്പെടുത്തിയുള്ള ഗവേഷണ നിരീക്ഷണങ്ങളുമാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. പക്ഷേ, ശാസ്ത്രവിജ്ഞാന മേഖലയിൽ ആധുനിക മുസ്ലിം സമൂഹം വളരെ പിന്നിലാണ്. ശാസ്ത്ര സാങ്കേതിക പുരോഗതിയുടെ മുമ്പേ നടക്കേണ്ട ഇസ്ലാമികസമൂഹം ഐ.ടി രംഗത്തടക്കം മനുഷ്യപുരോഗതിക്ക് എന്തു സംഭാവനകളാണ് സമീപകാലങ്ങളിലായി നൽകിയിട്ടുള്ളതെന്ന് വിലയിരുത്തേണ്ടതുണ്ട് (ഒന്നും നൽകിയില്ല എന്നു തീർത്തു പറയാനാവില്ല. ലോകത്തിലെ ഏറ്റവും ഉയരം കൂടിയ കെട്ടിടം, ഏറ്റവും ഉയരം കൂടിയ കൊടിമരം, ഏറ്റവും വലിയ കേക്ക് തുടങ്ങിയവയെല്ലാം മുസ്ലിം ലോകത്തിന്റെ സംഭാവനകളാണ്!).

ഇസ്ലാമിക സാമ്പത്തിക ശാസ്ത്രത്തിന്റെ ഒരു ഭാഗം മാത്രമായ പലിശരഹിത ബാങ്കിംഗ് സമ്പ്രദായം പ്രാവർത്തികമാക്കിയപ്പോൾ വിപ്ലവകരമായ മാറ്റം ലോകം ദർശിക്കുകയുണ്ടായി. പല പാശ്ചാത്യ ബാങ്കുകളും ഇസ്ലാമിക് ബാങ്കിംഗ് കൗണ്ടറുകൾ തുറക്കുകയും അതിന്റെ ഗുണഫലം ലോകം അനുഭവിക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ദാരിദ്ര്യം ഇല്ലായ്മ ചെയ്യാൻ ഇസ്ലാമിക സാമ്പത്തിക വ്യവസ്ഥ നടപ്പാക്കുകയാണ് പോംവഴിയെന്ന് അറിയാവുന്ന പണ്ഡിതർ അതിനുതകുന്നവിധം ഇസ്ലാമിക വിദ്യാഭ്യാസത്തെ തയാറാക്കിയെടുക്കേണ്ടതുണ്ട്.

**സലീമുദ്ദീൻ ആലുവ**

# അന്ധവിശ്വാസങ്ങളുടെ അധിനിവേശം

**സ്വദ്റുദ്ദീൻ** വാഴക്കാടിന്റെ 'മഖ്ബറ വ്യവസായം' (ലക്കം 34) വായിച്ചു. ജാറങ്ങളും മഖാമുകളും പെരുകുകയും ഉപഭോക്താക്കളും ഗുണഭോക്താക്കളും വർധിക്കുകയുമാണ് നമ്മുടെ നാട്ടിൽ. നടത്തിപ്പവകാശങ്ങളിലെ തർക്കങ്ങളും വരുമാനം വീതം വെക്കുന്നതിലെ കശപിശയും പല ജാറങ്ങളെയും പിളർത്തുകയും 'പുതിയ' ജാറം പൊന്തലുകൾക്ക് ഇടയാക്കുകയും ചെയ്യുന്നു. പള്ളിയില്ലാതെയും മഖാമുകളാവാം എന്നുവരെ എത്തിയിട്ടുണ്ട്. ഈ കുറിപ്പുകാരന്റെ അടുത്ത പട്ടണത്തിൽ ഒരു പീടികമുറിയിലാണ് മഖാം!

മൂലധനമില്ലാതെ, നിയമപ്രശ്നങ്ങളില്ലാതെ, നഷ്ടഭീതി ഒട്ടുമില്ലാതെ ആർക്കും എവിടെയും എപ്പോഴും തുടങ്ങാവുന്ന ലാഭകരമായ ഏർപ്പാട് ഇതല്ലാതെ മറ്റെന്തുണ്ട്? ഭരണകൂടത്തിന്റെ മൗനം, രാഷ്ട്രീയക്കാരുടെ പിന്തുണ, വാഹനക്കാരുടെയും വാണിഭക്കാരുടെയും പ്രോത്സാഹനം, എല്ലാറ്റിനുമുപരി ഒരു കൂട്ടം പണ്ഡിതന്മാരുടെ നേതൃപരമായ പങ്കാളിത്തം- എല്ലാം കൂടി ഒത്തുകിട്ടുമ്പോൾ പേടിക്കാനെന്തിരിക്കുന്നു!

പൊതുസമൂഹത്തിൽ ഇസ്ലാമികമായ ഉദ്ബുദ്ധത വർധിച്ചുവരുന്നു എന്ന് നാം അഭിമാനിക്കുകയും ആശ്വസിക്കുകയും ചെയ്യുമ്പോൾതന്നെ, ഒരു വിഭാഗം ആളുകളിൽ ഇത്തരം അനാചാരങ്ങൾ വേരുറച്ചുകൊണ്ടിരിക്കുകയാണെന്ന വസ്തുത കാണാതിരുന്നുകൂടാ. അദൃശ്യമാർഗേണ ആവശ്യങ്ങൾ സാധിക്കാനും ആഗ്രഹങ്ങൾ സഫലമാക്കാനും അനുഗ്രഹങ്ങൾ ആർജിക്കാനും ആപത്തുകളകറ്റാനും കഴിയുന്നവരാണ് 'ഔലിയാ'ക്കളെന്നും ഇത് അവരുടെ 'കറാമത്താ'ണെന്നും ഈ 'കറാമത്ത്' അവർക്ക് ജീവിതകാലത്തേക്കാൾ കൂടുതലായി മരണശേഷം പ്രകടിപ്പിക്കാനും പ്രയോഗിക്കാനും കഴിയുമെന്നുമാണ് അവരുടെ ധാരണ. ഈ ധാരണ അരക്കിട്ടുറപ്പിക്കാൻ ഒരു വിഭാഗം പണ്ഡിതന്മാരും സംഘടനകളും അവയുടെ ജിഹ്വകളും നടത്തുന്ന പ്രചാരണങ്ങൾ പുതിയ തലമുറയിലെ ചിലരെക്കൂടി അന്ധവിശ്വാസികളാക്കുന്നു. തീവണ്ടിയെക്കുറിച്ചുള്ള ഒരു പാഠഭാഗം അവതരിപ്പിക്കുന്നതിനിടയിൽ ഈ കുറിപ്പുകാരൻ തീവണ്ടിയിൽ യാത്രചെയ്തവർ നിൽക്കാൻ പറഞ്ഞപ്പോൾ ക്ലാസ്സിൽ എഴുന്നേറ്റു നിന്ന കുട്ടികളിൽ ചിലരുടെ ഉത്തരം രക്ഷിതാക്കളുമൊത്ത് ഉള്ളാൾ ദർഗയിൽ പോയപ്പോൾ എന്നായിരുന്നു!

ഇതൊരു ചെറിയ 'മസ്അല'യല്ല, ഒരധിനിവേശമാണ്. അന്ധവിശ്വാസങ്ങളുടെ അധിനിവേശം. ഒരു ലക്ഷത്തിലധികം പ്രവാചകന്മാർ മനുഷ്യാരംഭം മുതൽ ലോകത്ത് പ്രചരിപ്പിക്കുകയും പ്രബോധനം നടത്തുകയും ചെയ്ത ഏകദൈവവിശ്വാസത്തിനു മേലുള്ള ഈ കടന്നുകയറ്റം ചെറുക്കപ്പെടേണ്ടതുണ്ട്. ഈ അധിനിവേശം വന്ന വഴികളെക്കുറിച്ച് വിപുലമായ അന്വേഷണങ്ങൾ ഉണ്ടാവണം. ചരിത്രത്തിൽ എപ്പോഴൊക്കെ ആരിലൂടെയൊക്കെയാണ് ഇതിന്റെ കടന്നുകയറ്റം എന്ന് കണ്ടെത്തണം.

**സി. കുഞ്ഞഹമ്മദ്**
**പുറക്കാട്**

## ■ ചുരുക്കെഴുത്ത്

**ബദീഉസ്സമാൻ** എഴുതിയ 'തൂമ്പയെ തൂമ്പയെന്ന് വിളിക്കേണ്ടുന്ന നേരം' (ലക്കം 38) സന്ദർഭോചിതമായി. ഇസ്ലാമിന്റെ സ്നേഹവും കാരുണ്യവും പരിചയപ്പെടുത്തുന്നതിനു പകരം, വാളിന്റെയും വാക്കത്തിയുടെയും കഥപറഞ്ഞ് മുസ്ലിം യുവമനസ്സുകളെ വഴിതെറ്റിക്കുന്നവർക്കെതിരെ പ്രമാണം കൊണ്ടും യുക്തികൊണ്ടും സംവദിക്കുന്ന ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു.

**എ.പി മുഹമ്മദ് ഹുസൈൻ**
**ഇസ്ലാമിയാ കോളേജ്, കുറ്റ്യാടി**